**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **02-02-2023 - ൽ മറുപടിയ്ക്ക്**

**മങ്ങാട്ടുപാറയിൽ ഖനനം നടത്തുന്നതിന് നൽകിയ നിരാക്ഷേപ സാക്ഷ്യപത്രം റദ്ദാക്കിയതിനെതിരെ അപ്പീൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 50, റീസർവ്വേ 399/1, 399/2, മങ്ങാട്ടുപാറയിൽ ഖനനം നടത്തുന്നതിന് ബഹു. ജില്ലാ കളക്ടർ നൽകിയ നിരാക്ഷേപ സാക്ഷ്യപത്രം സർക്കാർ നിർദ്ദേശപ്രകാരം റദ്ദാക്കിയതിനെതിരെ ശ്രീ. മുഹമ്മദ് ഷെരീഫ്, അൽ അമാം മൻസിൽ, നടുക്കുന്ന് പി.ഒ., പത്തനാപുരം എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ ഡബ്ള്യൂ.പി.(സി) 4504/2020-ാം നമ്പർ ഹർജിയിലെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ എൻ.ഒ.സി. റദ്ദാക്കിയ ഉത്തരവ് സസ്പെന്റ് ചെയ്തതിനെതിരെ അപ്പീൽ നൽകാൻ റവന്യൂ വകുപ്പിന് നിയമ വകുപ്പ് നിർദ്ദേശം നല്കിയിരുന്നോ; | (എ) | ഉപദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശം റവന്യൂ വകുപ്പിനും അഡ്വക്കേറ്റ് ജനറലിനും നിയമവകുപ്പ് നൽകിയിട്ടും യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല എന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ അപ്പീൽ സാധ്യത പരിശോധിച്ച് വീണ്ടും അപ്പീൽ നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കുമോ? | (ബി) | നിർദ്ദേശം നിയമവകുപ്പിൽ നിന്നും അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടില്ല. ശ്രദ്ധയിൽപ്പെട്ടില്ല. അപ്പീൽ നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ